അകമ്പാടം-എരുമയുണ്ട-പോത്തുകല്ല് റോഡ്

53 (1299) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ അകമ്പാടം-എരുമയുണ്ട-പോത്തുകല്ല് റോഡ് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്ത് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റോഡ് എം.ഡി.ആർ. ആക്കി ഏറ്റെടുക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡ് എം.ഡി.ആർ ആക്കി ഏറ്റെടുക്കുന്ന കാര്യം പരിശോധനയിലാണ്.

കോട്ടയം ബൈപ്പാസ് പണി

54 (1300) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ബൈപാസിന്റെ ഒന്നാം റീച്ചിന്റെ പണി സ്തംഭിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) രണ്ടാം റീച്ചിന്റെ പണിയും പൂവത്തുംമൂട് പാലത്തിന്റെ പണിയും ടെണ്ടർ ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എത്രയും വേഗം പണി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയം ബൈപാസിന്റെ 1-ാം റീച്ചിന്റെ പണി കോൺട്രാക്ടറുടെ അനാസ്ഥ കാരണം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഈ പണിക്ക് ഇപ്പോൾ ഉള്ള കരാർ റദ്ദാക്കി പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) രണ്ടാം റീച്ചിന്റെയും പൂവത്തുമൂട് പാലത്തിന്റേയും പണി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) ഈ പണികളുടെ ടെണ്ടർ തീരുമാനമാകുന്നതിനനുസരിച്ചു മാത്രമേ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly